**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2871** **28-02-2023 - ൽ മറുപടിയ്ക്ക്**

**പുഴയുടെ സമഗ്ര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുഴകൾ സംരക്ഷിക്കുന്നതിനും പുഴയുടെ തീരങ്ങളിലെ കൃഷി, മൽസ്യകൃഷി, ടൂറിസം, ജൈവ വേലി തുടങ്ങിയ ജീവനോപാധി പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുമായി സമഗ്രമായ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | (എ) | പുഴകൾ സംരക്ഷിക്കുന്നതിനും, തീരമിടിയുന്നതു തടയുന്നതിനും ഒപ്പം പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെയും ഭാഗമായി വിവിധ പദ്ധതികൾ ജലസേചന വകുപ്പ് പ്ലാൻ, നോൺ പ്ലാൻ (ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ് എന്നിവ) ഹെഡുകളിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ പുഴകളുടെ വശങ്ങൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ചു കൊണ്ട് പുഴയുടെ തീരമിടിയുന്നത് തടഞ്ഞ് പുഴയുടെ സ്വാഭാവിക ഗതി തടസപ്പെടാതെ ചെയ്യാൻ കഴിയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. ഹരിതകേരളം മിഷന്റെ ഒന്നാം ഘട്ടത്തിൽ പുഴകൾ വീണ്ടെടുക്കുന്നതിനായി 'പുഴ പുനരുജ്ജീവനി' എന്ന പദ്ധതി വിവിധ വകുപ്പുകൾ, ഏജൻസികൾ ഇവയുടെ നേതൃത്വത്തിൽ ജന പങ്കാളിത്തത്തോടെ (ഉദാ:വരട്ടാർ). ഹരിതകേരളം മിഷന്റെ 'ഇനി ഞാൻ ഒഴുകട്ടെ ' എന്ന ആശയത്തിനു കീഴിൽ, പുഴകളിലേയ്ക്ക് എത്തിച്ചേരുന്ന ജലമാർഗ്ഗങ്ങൾ കണ്ടെത്തുകയും ആയതിന്റെ വീണ്ടെടുപ്പിലൂടെ പുഴകളിലൂടെ ജലം, വർഷം മുഴുവൻ ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രളയത്തോടനു ബന്ധിച്ചും കാലാകാലങ്ങളായും കേരളത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ എക്കലും, മണ്ണും വകുപ്പ് നീക്കം ചെയ്ത്, ആയതുപയോഗിച്ച് പുഴയുടെ ബണ്ട് ബലപ്പെടുത്തി പറ്റുന്നയിടങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചിട്ടുണ്ട്. പുഴയുടെ സമഗ്ര സംരക്ഷണത്തോടൊപ്പം മറ്റ് വരുമാന മാർഗ്ഗങ്ങൾ കൂടി ലഭിക്കുന്ന തരത്തിൽ പ്രത്യേകമായ പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മാത്രമേ നടപ്പിലാക്കാനാവൂ. |
| (ബി) | പുഴയുടെ സമഗ്ര സംരക്ഷണത്തോടൊപ്പം മറ്റ് വരുമാന മാർഗ്ഗങ്ങൾ കൂടി ലഭിക്കുന്ന തരത്തിൽ പ്രത്യേകമായ പദ്ധതി തയ്യാറാക്കാനും വിവിധ | (ബി) | പുഴകൾ സംരക്ഷിക്കുന്നതിനും, തീരമിടിയുന്നതു തടയുന്നതിനും ഒപ്പം പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെയും ഭാഗമായി വിവിധ |

| | | | |
|---|---|---|---|
| | വകുപ്പുകളുടെ ഫണ്ടുകൾ ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കാമോ; | | പദ്ധതികൾ ജലസേചന വകുപ്പ് പ്ലാൻ, നോൺ പ്ലാൻ (ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ് എന്നിവ) ഹെഡുകളിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ പുഴകളുടെ വശങ്ങൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ചു കൊണ്ട് പുഴയുടെ തീരമിടിയുന്നത് തടഞ്ഞ് പുഴയുടെ സ്വാഭാവിക ഗതി തടസപ്പെടാതെ ചെയ്യാൻ കഴിയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. ഹരിതകേരളം മിഷന്റെ ഒന്നാം ഘട്ടത്തിൽ പുഴകൾ വീണ്ടെടുക്കുന്നതിനായി 'പുഴ പുനരുജ്ജീവനി' എന്ന പദ്ധതി വിവിധ വകുപ്പുകൾ, ഏജൻസികൾ ഇവയുടെ നേതൃത്വത്തിൽ ജന പങ്കാളിത്തത്തോടെ (ഉദാ:വരട്ടാർ). ഹരിതകേരളം മിഷന്റെ 'ഇനി ഞാൻ ഒഴുകട്ടെ ' എന്ന ആശയത്തിനു കീഴിൽ, പുഴകളിലേയ്ക്ക് എത്തിച്ചേരുന്ന ജലമാർഗ്ഗങ്ങൾ കണ്ടെത്തുകയും ആയതിന്റെ വീണ്ടെടുപ്പിലൂടെ പുഴകളിലൂടെ ജലം, വർഷം മുഴുവൻ ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പ്രളയത്തോടനു ബന്ധിച്ചും കാലാകാലങ്ങളായും കേരളത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ എക്കലും, മണ്ണും വകുപ്പ് നീക്കം ചെയ്ത്, ആയതുപയോഗിച്ച് പുഴയുടെ ബണ്ട് ബലപ്പെടുത്തി പറ്റുന്നയിടങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ച് സംരക്ഷിച്ചിട്ടുണ്ട്. പുഴയുടെ സമഗ്ര സംരക്ഷണത്തോടൊപ്പം മറ്റ് വരുമാന മാർഗ്ഗങ്ങൾ കൂടി ലഭിക്കുന്ന തരത്തിൽ പ്രത്യേകമായ പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മാത്രമേ നടപ്പിലാക്കാനാവൂ. |
| (സി) | പുഴകൾ സംരക്ഷിക്കുന്നതിനായി ഏതൊക്കെ ഫണ്ടുകളാണ് നിലവിലുള്ളത്; വിശദമാക്കാമോ; | (സി) | പുഴകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ കൊടുത്തിരിക്കുന്ന പ്ലാൻ സ്കീമുകൾ വഴി ചെയ്തുവരുന്നു.<br><br>1) Restoration of polluted stretches of rivers based on National Green Tribunal Order.<br><br>2) Bhavani Basin Check Dams in Attappady.<br><br>3) Check Dam and Regulators.<br><br>ഒപ്പം ഫ്ലഡ് ഡാമേജ് (FD), ഫ്ലഡ്കൺട്രോൾ (FC) എന്നീ നോൺ പ്ലാൻ ഹെഡുകളിലും പുഴയുടെ തീരസംരക്ഷണം നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | പുഴ- ജല സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ ഫണ്ടുകളാണ് നിലവിൽ ലഭ്യമായിട്ടുള്ളത്; 2022-23 വർഷത്തിൽ പുഴ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | പുഴ-ജലസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ടുകളൊന്നും 2022-23 ൽ ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ബാലുശ്ശേരി മണ്ഡലത്തിലെ മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനും പുഴയെ മനുഷ്യന്റെ ജീവനോപാധിയായി മാറ്റുന്നതിനും വിവിധ വകുപ്പുകളുടെ സഹായത്താൽ ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ